File No.LSGD-EPB3/396/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ല – കൊടകര ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. അനിൽ ബാബുവിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2046/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/10/2021

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.04.2015-ലെ ഇ8(വി.ഇ 3/14/ടി എസ് ആർ)19654/2014 നമ്പർ കത്ത്
2. സർക്കാരിന്റെ 28.09.2015 ലെ 396/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. എൻ. പ്രദീപ് കുമാർ, മുൻ അക്കൗണ്ടന്റ്, കൊടകര ഗ്രാ.പ ന് എതിരെ തൃശ്ശൂർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി സമർപ്പിച്ച A3-18341/2013 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ കൊടകര ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. അനിൽ ബാബു പണാപഹരണം നടത്തി എന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ടി ക്രമക്കേടിന് ഉത്തരവാദിയായ ശ്രീ. അനിൽ ബാബുവിനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രം കൈപ്പറ്റിയെങ്കിലും നാളിതുവരെ ശ്രീ. അനിൽ ബാബു മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. അനിൽ ബാബുവിന് എതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രമാണ് നൽകിയിട്ടുള്ളത് എന്നതിനാൽ ഇക്കാര്യത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ടിയാൻ കുറ്റപത്രം കൈപ്പറ്റി നാളിതുവരെ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന് കണ്ട്, 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം കൊടകര ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. അനിൽ ബാബുവിനെതിരെയുള്ള ആരോപണങ്ങളിന്മേൽ ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

**File No.LSGD-EPB3/396/2015-LSGD**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
2. ശ്രീ. അനിൽ ബാബു, മുൻ ഹെഡ് ക്ലർക്ക്, കൊടകര ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/396/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 22-10-2021 16:50:20
Reason: Approved.
സെക്ഷൻ ഓഫീസർ